Major Archeparchy of Ernakulam - Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

**സർക്കുലർ 07/2022** **ജൂലൈ 30, 2022**

# സർക്കുലർ

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരി സഹോദരന്മാരേ, വത്സല മക്കളേ,

എറണാകുളം അങ്കമാലി-അതിരൂപതയിലെ എല്ലാ ബഹുമാനപ്പെട്ട വൈദികർക്കും സമർപ്പിതർക്കും ദൈവജനം മുഴുവനും നമ്മുടെ അതിരൂപത പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഈശോയുടെ തിരുഹൃദയത്തിൽനിന്നു സമൃദ്ധമായ കൃപയും അനുഗ്രഹങ്ങളും ആദ്യമേ ഞാൻ ആശംസിക്കുന്നു.

പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പ എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി എന്നെ നിയമിച്ചിരിക്കുകയാണല്ലോ. വളരെ ഭാരിച്ച ഉത്തരവാദിത്വമാണ് ഇതെന്നു ഞാൻ മനസിലാക്കുന്നു. എന്റെ പരിമിതികളും പ്രയാസങ്ങളും അറിയിച്ചെങ്കിലും ദൈവപരിപാലനയിൽ ആശ്രയിച്ച് ഫ്രാൻസിസ് മാർപാപ്പയുടെ ഈ കല്പന അനുസരണത്തിൽകീഴിൽ ഞാൻ ഏറ്റെടുത്തിരിക്കുകയാണ്. ഒരു താൽക്കാലിക സംവിധാനമായിട്ടാണ് ഞാൻ ഈ നിയമനത്തെ മനസ്സിലാക്കുന്നത്.

തൃശ്ശൂർ അതിരൂപതയുടെ മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ് എന്ന ഉത്തരവാദിത്വം നിലനിർത്തിക്കൊണ്ടാണ് ഈ പുതിയ ദൗത്യം മാർപാപ്പ എന്നെ ഏൽപ്പിച്ചിരിക്കുന്നത്. നിങ്ങളുടെ ശക്തമായ പ്രാർത്ഥനയും നിർലോഭമായ സഹകരണവും ഇല്ലാതെ എനിക്ക് ഈ ഉത്തരവാദിത്വം നിർവഹിക്കുക സാധ്യമല്ല. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയോടും പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയത്തോടും സീറോമലബാർസഭയുടെ പിതാവും തലവനും എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപോലീത്തൻ ആർച്ച്ബിഷപ്പുമായ മേജർ ആർച്ച്ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിനോടും മെത്രാന്മാരുടെ സിനഡിനോടും ചേർന്നു നമ്മുടെ ഈ അതിരൂപതയിലെ വൈദികരുടെയും സമർപ്പിതരുടെയും ദൈവജനം മുഴുവന്റെയും സഹകരണത്തോടെ മാത്രമേ ഈ ദൗത്യം നിർവഹിക്കാനാവൂ എന്ന് ഞാൻ മനസിലാക്കുന്നു.

സീറോമലബാർസഭയിലെ കേന്ദ്രസ്ഥാനത്തുള്ള രൂപതയാണ് എറണാകുളം-അങ്കമാലി അതിരൂപത. ക്രിസ്തുവാകുന്ന മൂലക്കല്ലിൽ അപ്പസ്തോലന്മാരാകുന്ന അടിത്തറമേൽ പരിശുദ്ധാത്മാവിനാൽ പണിയപ്പെട്ട നാം അന്യരോ പരദേശികളോ അല്ല, ദൈവഭവനത്തിലെ അംഗങ്ങളാണ് (എഫേ. 2:19-22); ആത്മീയഭവനമായി പണിതുയർത്തപ്പെടുവാൻ വിളിക്കപ്പെട്ടവരാണ് (1 പത്രോ. 2, 5). അതിനാൽ, സഭയിലെ ഒരു അതിരൂപത എന്ന നിലയിൽ വെല്ലുവിളികളുടെ മധ്യത്തിലും ദൈവഭവനത്തിലെ മക്കളെന്ന നിലയിൽ (റോമാ 8, 14-17; ഹെബ്രാ. 3, 5-6) നമുക്ക് ഒന്നുചേർന്ന് മുന്നേറാം. പരിശുദ്ധാത്മാവിന്റെ പ്രേരണയിൽ ദൈവഹിതത്തിന് വിധേയപ്പെട്ട് നമുക്ക് ഒറ്റട്ടായി പ്രതിസന്ധികളെ തരണം ചെയ്യാം; എറണാകുളം അങ്കമാലി-അതിരൂപതയെ ഒന്നുചേർന്ന് നമുക്ക് മുന്നോട്ടു നയിക്കാം .

മേജർ ആർച്ച്ബിഷപ്പിന്റെ വികാരി എന്ന നിലയിൽ 2019 ആഗസ്റ്റ് മുതൽ നമ്മുടെ അതിരൂപത—യുടെ ഭരണനിർവ്വഹണം നടത്തിയ ആർച്ചുബിഷപ്പ് ആൻറണി കരിയിൽ സിഎംഐ പിതാവിന് നമ്മുടെ അതിരൂപതയുടെ പേരിൽ കടപ്പാടും നന്ദിയും രേഖപ്പെടുത്തുന്നു. നമ്മുടെ അതിരൂപതയ്ക്ക് വേണ്ടിയും മണ്ഡ്യ രൂപതയ്ക്ക്വേണ്ടിയും അദ്ദേഹം ചെയ്ത കാര്യങ്ങൾ എന്നും ഓർമിക്കപ്പെടും. പിതാവിന്റെ ഭാവിജീവിതത്തിനു എല്ലാവിധ ദൈവാനുഗ്രഹവും ആയുരാരോഗ്യവും നേരുന്നു.

Major Archeparchy of Ernakulam - Angamaly

Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ നമ്മുടെ അതിരൂപതയിൽ ഏർപ്പെടുത്തിയ പുതിയ ഭരണസംവിധാനം ദൈവഹിതമായി സ്വീകരിച്ച് എല്ലാവരും സഹകരിക്കണമെന്നും നമ്മുടെ കൂട്ടായ്മയും ഐക്യവും നഷ്ടപെടുത്തുന്ന എല്ലാ പ്രവർത്തങ്ങളിൽനിന്നും വിട്ടുനിൽക്കണമെന്നും എല്ലാവരോടും സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു. അതിരൂപതയുടെ തുടർന്നുള്ള ഭരണക്രമങ്ങളെക്കുറിച്ചു പരിശുദ്ധ പിതാവിന്റെ നിർദ്ദേശമനുസരിച്ചുള്ള കാര്യങ്ങൾ പിന്നീട് നിങ്ങളെ അറിയിക്കുന്നതാണ്. മാർപാപ്പ ഭരമേല്പിച്ച ഈ ഉത്തരവാദിത്വം ദൈവവും സഭയും ഇവിടത്തെ ദൈവജനവും ആഗ്രഹിക്കുന്ന രീതിയിൽ നിർവഹിക്കുവാൻ നിങ്ങൾ എനിക്ക് വേണ്ടി പ്രാർത്ഥിക്കണം. നിങ്ങളെല്ലാവരുടെയും സ്നേഹപൂർണമായ സഹകരണം ഞാൻ അഭ്യർഥിക്കുന്നു.

പിതാവിന്റെ സ്നേഹം നമ്മോടുകൂടെയുണ്ടായിരിക്കട്ടെ! ഈശോയുടെ തിരുഹൃദയം നമ്മെ സംരക്ഷിക്കട്ടെ! പരിശുദ്ധാത്മാവ് നമ്മുടെ ചിന്തകളെയും ആലോചനകളെയും പ്രകാശിപ്പിക്കട്ടെ! പരിശുദ്ധ അമ്മയും വി. തോമാശ്ലീഹയും നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ!

ഈശോയിൽ സ്നേഹപൂർവ്വം

+ Andrews Thazhath

ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത്
എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ